# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481– 2731020, 2732650**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/80/2018

2018 ഏപ്രിൽ 22

## പത്രക്കുറിപ്പ്

### ജൈവം പദ്ധതി ഇന്ത്യയ്ക്ക് മാതൃകയെന്ന് മന്ത്രി മാത്യു ടി. തോമസ്:

മഹാത്മാഗാന്ധി സർവകലാശാലയുടെ ജൈവം പദ്ധതി ഇന്ത്യയ്ക്ക് മാതൃകയാണെന്ന് ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മാത്യു. ടി. തോമസ് പറഞ്ഞു. ആഗോള ജൈവസംഗമവും സെമിനാറും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സി.എം.എസ് കോളേജിൽ ഫുകവോക കുലം എന്ന വേദിയിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു. സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. തമിഴ്നാട് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി പ്രൊഫ. ഡോ. സോമസുന്ദരം മുഖ്യ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ്, സിൻഡിക്കേറ്റംഗവും കോളേജ് പ്രിൻസിപ്പലുമായ ഡോ. റോയ് സാം ഡാനിയൽ, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം. ആർ. ഉണ്ണി, ഡോ. സുജാത ഗോയൽ, എസ്.ബി.ഐ. ജനറൽ മാനേജർ ജെ. കെ. ഠക്കർ, സ്റ്റേറ്റ് എൻ.എസ്എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. കെ സാബുക്കുട്ടൻ, കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ എസ് ജയലളിത, എന്നിവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് കലാസന്ധ്യയിൽ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് മാർഗംകളിയും, പണ്ഡിറ്റ് റോണു മജുംദാറും സംഘവും ഹന്ദുസ്ഥാനി പുല്ലാങ്കുഴൽ കച്ചേരിയും അവതരിപ്പിച്ചു.

### എം.ജി. ഭക്ഷ്യ-കാർഷിക മേളയിൽ തിരക്കേറുന്നു; ദേശീയ കർഷക സംഗമം ഇന്ന്

കോട്ടയം സി.എം.എസ് കോളേജിൽ 90 ൽ പരം ജൈവാധിഷ്ഠിത പ്രദർശകർ പങ്കെടുക്കുന്ന എം. ജി. സർവകലാശാലയുടെ ഭക്ഷ്യ-കാർഷിക മേളയിൽ സന്ദർശകരുടെ തിരക്കേറുന്നു. കാർഷിക സംസ്കാരവും ജൈവോത്പന്നങ്ങളും പരിചയപ്പെടുന്നതിനും സ്വന്തമാക്കുന്നതിനുമുള്ള അസുലഭ അവസരമാണ് പ്രദർശന വേദിയിൽ ഒരുക്കിയിട്ടുള്ളത്. ആരോഗ്യ സംരക്ഷണത്തിനും പരിപാലനത്തിനും തേനിൽ നിന്നുള്ള നിരവധി ഉൽപ്പന്നങ്ങൾ മേളയിൽ ശ്രദ്ധനേടി. രോഗപ്രതിരോധത്തിനുള്ള നെല്ലിക്ക തേൻ, ബ്ലഡ് കൗണ്ട് വർധിപ്പിക്കുന്ന മാതള തേൻ, രോഗപ്രതിരോധത്തിന് സഹായിക്കുന്ന മഞ്ഞൾ തേൻ, കീഴാർനെല്ലി തേൻ തുടങ്ങിയ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളാണ് ഇടുക്കിയിലെ ഹൈറേഞ്ച് ബീകീപ്പിംഗ് യൂണിറ്റ് പ്രദർശനത്തിൽ എത്തിച്ചിട്ടുള്ളത്. പ്രമേഹത്തിനുള്ള ഒറ്റമൂലിയായ ഷുഗർവള്ളി (ടിനോസ്പോറ ക്രിസ്പ), അപൂർവയിനങ്ങളായ കർപ്പൂരം, രുദ്രാക്ഷം, കരിമഞ്ഞൾ, കസ്തൂരി മഞ്ഞൾ, ആരേഗ്യപ്പച്ച, തുടങ്ങിയ നൂറിലധികം ഔഷധ സസ്യങ്ങൾ കട്ടച്ചിറ സഞ്ജീവനി ഔഷധസസ്യ സംരക്ഷണ-പ്രചരണ കേന്ദ്രത്തിന്റെ സ്റ്റാളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഗുണമേന്മയാർന്ന വിത്തുകൾ, തൈകൾ, പച്ചക്കറികൾ, സിറപ്പ്, സ്ക്വാഷ്, ഗവ്യ ഉൽപ്പന്നങ്ങൾ, ജൈവ കീടനാശിനികൾ, ജൈവ വളങ്ങൾ, മാലിന്യ സംസ്ക്കരണ ഉപാധികൾ, തുടങ്ങിയവയും വിവിധ സ്റ്റാളുകളിൽ ലഭ്യമാണ്.

പരമ്പരാഗത നെൽ വിത്തിനങ്ങൾ സംരക്ഷിക്കുന്ന ചെറുവയൽ രാമൻ അൻപതിൽ പരം നാടൻ വിത്തിനങ്ങളുമായാണ് പ്രദർശനത്തിൽ എത്തിയിരിക്കുന്നത്.

### കുട്ടികൾക്ക് കൗതുകമായി 'ആരണ്യകം'

കാട്ടിലെ ആവാസവ്യവസ്ഥയിലേക്കും, ജൈവാധിഷ്ഠിത ജീവന രീതികളിലേക്കും കുട്ടികളുടെ ശ്രദ്ധ ആകർഷിക്കാനായി ഒരുക്കിയ 'ആരണ്യകം' മേളയിൽ കൗതുകമായി. ദിനോസർ, ആന, കടുവ, പുലി, സിംഹം, കുരങ്ങ്, മയിൽ മലമ്പാമ്പ് തുടങ്ങിയ വന്യജീവികളുടെ മാതൃകയും ശബ്ദവിന്യാസവും കൊണ്ട് മുഖരിതമാണ് ആരണ്യകം.

### അന്താരാഷ്ട്ര സെമിനാറിന് തുടക്കമായി

ആഗോള ജൈവസംഗമത്തിന്റെ ഭാഗമായി നടത്തുന്ന അന്താരാഷ്ട്ര സെമിനാറിൽ റുഡോൾഫ് ബൂളർ (ജർമ്മനി), ഡോ. സോൻ താശി (ഭൂട്ടാൻ), ഡോ. സുജാത ഗോയൽ, പ്രൊഫ. സോമസുന്ദരം, എന്നിവർ വിജ്ഞപ്തി പ്രഭാഷണം നടത്തി. മലിനജലം ഏറ്റവും അധികം പുനരുപ യോഗിക്കുന്ന ഇസ്രായേലിലെ ബെൻ ഗോറിയോൺ സർവകലാശാലയിലെ പ്രൊഫ. യോറം ഓറൻ സ്കൈപ്പിലൂടെ നടത്തിയ പ്രഭാഷണവും ശ്രദ്ധേയമായി. വിവിധ സെഷനുകളിലായി പ്രൊഫ. എ. പി. തോമസ്, ശോശാമ്മ ഐപ്, കെ. ശ്രീധരൻ, എം. മഹേശ്വരി, ഡോ. എം. ആർ ഗോപാലകൃഷ്ണൻ, ഡോ. എം. വിശ്വംഭരൻ, തുടങ്ങിയവർ സംസാരിച്ചു.

**<u>ജൈവ വൈവിധ്യം - സംസ്ഥാന ചിത്രരചനാ ക്യാമ്പ്</u>**

ആഗോള ജൈവ സംഗമത്തിന്റെ ഭാഗമായി ജൈവ വൈവിധ്യത്തെ മുഖ്യ വിഷയമാക്കിയുള്ള സംസ്ഥാന ചിത്രരചനാ ക്യാമ്പ് ലളിതകല അക്കാഡമിയുടെ മുൻ ചെയർമാൻ കെ. എ. ഫ്രാൻസിസ്. ഉദ്ഘാടനം ചെയ്തു. ദേശീയ തലത്തിൽ ശ്രദ്ധ നേടിയ ചിത്രകാരന്മാർ മൂന്ന് ദിവസം നീണ്ട് നിൽക്കുന്ന ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്.

**<u>ദേശീയ കർഷക സംഗമം ഇന്ന് (തിങ്കൾ)</u>**

ജാർഘണ്ഡ്, ഒഡീഷ, അന്ധ്ര, തെലുങ്കാന, തമിഴ്നാട്, കർണ്ണാടക, തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള കാർഷിക പ്രതിനിധികൾ പങ്കെടുക്കുന്ന ദേശീയ കർഷക സംഗമം ഇന്ന് രാവിലെ 11.00 ന് നടക്കും. ജൈവകൃഷി സംബന്ധമായ വിവിധ വിഷയങ്ങളിൽ ആശയവിനിമയവും ചർച്ചകളും നടക്കും. പരമ്പരാഗത വേഷങ്ങൾ അണിഞ്ഞായിരിക്കും കർഷകർ സംഗമത്തിന് എത്തുക.നാടൻ കലാരൂപങ്ങളുടെ പ്രദർശനവും കർഷക സംഗമത്തിന്റെ ഭാഗമായി നടക്കും.

**<u>ചലച്ചിത്ര മേളയിൽ ഇന്ന് (തിങ്കൾ):</u>**

രാവിലെ 10.00 ന് ബേബ് (ക്രിസ് നൂനാൻ), 11.30-ന് ഡോക്യുമെന്ററികൾ (വി. കെ. സുഭാഷ്), 1.30-ന് ഗ്രേപ്സ് ഓഫ് റാത് (ജോൺ ഫോർഡ്), 4.00-ന് വൺ സ്ട്രോ റവലൂഷൻ, 4.30-ന് കൺഫഷൻസ് ഓഫ് ആൻ എക്കോ ടെററിസ്റ്റ് (പീറ്റർ ജെ. ബ്രൗൺ)

**<u>ചലച്ചിത്ര മേളയിൽ നാളെ (ചൊവ്വ):</u>**

രാവിലെ 10.00 ന് വലിയ ചിറകുള്ള പക്ഷികൾ (ബിജുകുമാർ ദാമോദരൻ), 11.30-ന് സേക്രഡ് ഹാർവെസ്റ്റ്, ഗ്രാന്മാസ് ഫോറസ്റ്റ്, ഗാർഡിയൻസ് ഓഫ് ഗ്രെയിൻ (ജി. ഉണ്ണികൃഷ്ണൻ നായർ), 1.30 -ന് ഗോഡ്സ് ഷാക്കിൾസ് (സംഗീത അയ്യർ), 3.30 -ന് നെൽമാണിക്യം (വേണുകുമാർ) 4.00-ന് ഒറ്റാൽ (ജയരാജ്)

അന്താരാഷ്ട്ര സെമിനാർ ഒഴികെയുള്ള വേദികളിൽ പ്രവേശനം സൗജന്യമാണ്, ഭക്ഷ്യ കാർഷിക പ്രദർശനത്തിലേക്ക് രാവിലെ 10.00 മുതൽ വൈകിട്ട് 7.00 വരെയാണ് പ്രവേശനം.

<u>അടിക്കുറിപ്പ്</u>

1. മഹാത്മാഗാന്ധി സർവ്വകലാശാല കോട്ടയം സി.എം. എസ്. കോളേജിൽ സംഘടിപ്പിക്കുന്ന ആഗോള ജൈവ സംഗമത്തിന്റെ ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മാത്യു. ടി. തോമസ് നിർവ്വഹിക്കുന്നു. ടവൈസ് ചാൻസലർ ഡോ. ബാബു. സെബാസ്റ്റ്യൻ, രജിസ്ട്രാർ എം. ആർ. ഉണ്ണി, എസ്.ബി.ഐ ജനറൽ മാനേജർ ജെ. കെ. ഠക്കർ, പ്രൊഫ. ഡോ. സോമസുന്ദരം പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. റോയ് സാം ഡാനിയൽ, ഡോ. സുജാത ഗോയൽ, ഡോ. കെ സാബുക്കുട്ടൻ, എസ് ജയലളിത, എന്നിവർ സമീപം.
2. ആഗോള ജൈവ സംഗമത്തോടനുബന്ധിച്ച് നടത്തുന്ന ത്രിദിന ചിത്രരചനാ ക്യാമ്പിന്റെ ഉദ്ഘാടനം ലളിത കലാ അക്കാഡമി മുൻ ചെയർമാൻ കെ. എ. ഫ്രാൻസിസ് നിർവഹിക്കുന്നു.
3. ആഗോള ജൈവ സംഗമത്തോടനുബന്ധിച്ചുള്ള ഭക്ഷ്യ-കാർഷിക പ്രദർശനം സന്ദർശിച്ച മന്ത്രി മാത്യു ടി. തോമസ് ചുക്ക് കാപ്പി രുചിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**